# Malayala Manorama

## 17 August 2018

## Thiruvananthapuram: Flood Relief, Onam Celebration



# ഓണാഘോഷത്തിന് ആർഭാടം കുറയ്ക്കും; തീരുമാനം നാളെ

തിരുവനന്തപുരം • മഴക്കെടുതിയിൽ ആയിരക്കണക്കിനുപേർ ദുരിതമനുഭവിക്കുന്ന സാഹചര്യത്തിൽ ഓണാഘോഷ പരിപാടികളിൽ ആർഭാടം കുറയ്ക്കാൻ സർക്കാർ ആലോചിക്കുന്നു. നാളെ മന്ത്രിസഭാ യോഗം ഇക്കാര്യത്തിൽ അന്തിമതീരുമാനമെടുക്കും. മഴ ഇനിയും തുടരുമെന്ന കാലാവസ്ഥാ മുന്നറിയിപ്പും സർക്കാരിന്റെ നീക്കത്തിനു പിന്നിലുണ്ട്. അതേസമയം, ഓണാഘോഷ പരിപാടികൾ പൂർണമായി ഒഴിവാക്കുന്നതു വിനോദസഞ്ചാര മേഖലയിൽ തിരിച്ചടിയാകുമോയെന്ന ആശങ്കയുമുണ്ട്. പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഉൾപ്പെടെ ആഘോഷം ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. 14 ജില്ലകളിലായി നടത്തുന്ന ഓണാഘോഷത്തിന് 35 കോടിയോളം രൂപയാണു ടൂറിസം വകുപ്പ് ചെലവാക്കുന്നത്.

### ശിവഗിരിയിൽ ഘോഷയാത്ര ഒഴിവാക്കും

ശിവഗിരി • മഴയെ തുടർന്നുണ്ടായ ദുരന്തങ്ങളിൽ അനുശോചിച്ചു ശിവഗിരിയിൽ ശ്രീനാരായണ ഗുരുദേവ ജയന്തി ദിനത്തിൽ ആഘോഷ പരിപാടികൾ ഒഴിവാക്കും. ഘോഷയാത്രയ്ക്കു പകരം ആചാരപരമായ പരിപാടി മാത്രമേ ഉണ്ടാകൂ. ജയന്തി ആഘോഷത്തിനായി ലഭിക്കുന്ന സംഭാവനകൾ ദുരിതബാധിതർക്കു കൈമാറുമെന്നു ധർമസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി വിശുദ്ധാനന്ദ അറിയിച്ചു.